പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 930 — 20/03/2013-ൽ മറുപടിക്ക്

## 'എൻ ഊരു്' പദ്ധതി

ചോദ്യം — മറുപടി

ശ്രീ. എ.കെ.ബാലൻ :

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും
വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | വയനാട് ജില്ലയിലെ വൈത്തിരിയിൽ അനുവദിച്ച എൻ ഊരു (ട്രൈബൽ ഹട്ട്) പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; പദ്ധതി എന്നാണ് അനുവദിച്ചത്; എത്ര രൂപ ഇതിനായി അനുവദിച്ചു; നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത്; നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായില്ലെങ്കിൽ എപ്പോൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | എ) | വയനാട് ജില്ലയിലെ വൈത്തിരിയിൽ അനുവദിച്ച എൻ ഊരു (ട്രൈബൽ ഹട്ട്) പദ്ധതിയ്ക്കായി 4/11/10-ലെ സ.ഉ.(സാധാ) നം.1071/10/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം 3 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. പൂൾഡ് ഫണ്ടിൽ ലഭ്യമായ 2 കോടി 37 ലക്ഷം രൂപ മാനന്തവാടി ട്രൈബൽ പ്ലാന്റേഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് (പ്രിയദർശിനി ടീ എസ്റ്റേറ്റിന്) അനുവദിച്ചു നൽകിയിട്ടുണ്ട്. 24/5/11-ലെ സ.ഉ.(കൈ) നം.54/2011/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ ചുമതല മേൽപ്പറഞ്ഞ സൊസൈറ്റിയിൽ നിന്നും മാറ്റി മാനന്തവാടി സബ്കളക്ടർ പ്രസിഡന്റായും, ഊരുകൂട്ടം അംഗങ്ങൾ, വൈത്തിരി, പൊഴുതാന ഗ്രാമപഞ്ചായത്തുകളിലെ ഊരുകൂട്ടം മൂപ്പൻമാർ അംഗങ്ങളായുള്ള എൻ ഊരു ചാരിറ്റബിൾ സൊസൈറ്റി (രജി.നം.91/2012) 21/03/2012-ന് രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ചു.<br>പദ്ധതിയ്ക്കായി പ്രിയദർശിനി ടീ എസ്റ്റേറ്റിന്റെ ലക്കിടി യൂണിറ്റിൽപ്പെട്ട 25 ഏക്കർ സ്ഥലം അളന്ന് കല്ലിട്ട് വേർതിരിക്കുന്ന ജോലികൾ കിറ്റ്കോയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അടുത്ത 3 മാസത്തിനുള്ളിൽ നിർമ്മാണ ജോലികൾ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ നടത്തിപ്പിനായി ഒരു താൽക്കാലിക ഓഫീസ് കൽപ്പറ്റ സിവിൽ സ്റ്റേഷൻ പരിസരത്ത് ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ദൈനംദിന നടത്തിപ്പിനായി CEO തസ്തികയിൽ ഒരാളെ നിയമിച്ചിട്ടുണ്ട്. നിർമ്മാണ ജോലികൾ ആരംഭിച്ച് എത്രയുംപെട്ടെന്നു തന്നെ പണി പൂർത്തിവാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി) | പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ? | ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. പട്ടികവർഗ്ഗക്കാർക്കുവേണ്ടി നിലവിലുള്ള പരിശീലന സൗകര്യങ്ങൾക്ക് താങ്ങാവുന്ന രീതിയിൽ ഘട്ടംഘട്ടമായുള്ള വിനോദ സഞ്ചാര വികസനത്തിന് ഒരു പ്രായോഗികമായ സാമ്പത്തിക മാതൃക സൃഷ്ടിക്കുക.<br>2. വിവിധ പട്ടികവർഗ്ഗ സമൂഹങ്ങൾക്ക് മധ്യവർത്തികളില്ലാതെ നേരിട്ട് വിപണിയെ സമീപിക്കുന്നതിനും ഇടപ്പെടുന്നതിനും അവസരമൊരുക്കുക.<br>3. ജൈവകൃഷി, കാർഷിക/വന ഉൽപ്പന്നങ്ങളുടെ സംസ്കരണം-പാക്കിംഗ്, മൺപാത്ര നിർമ്മാണം, മുളയുൽപ്പന്ന നിർമ്മാണം, പൂകൃഷി, മരുന്ന് ചെടികളുടെ സംസ്കരണം-വിപണനം തുടങ്ങിയ പരിസ്ഥിതിക്കനുകൂലമായ മേഖലകളിൽ പട്ടികവർഗ്ഗ സമൂഹത്തിൽപ്പെട്ടവർക്ക് ആവശ്യമായ പരിശീലനം നൽകി അവരുടെ കഴിവുകൾ വികസിപ്പിക്കുകയും തദ്വാര ജീവനോപാധിക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്യുക.<br>4. ധനസഹായം ലഭിക്കുന്നതിനും, വിപണന-സാങ്കേതിക സഹായത്തിനുമുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ ജനസമൂഹവുമായി സർക്കാർ ഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ധർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മറ്റ് സേവന തൽപരരായ സംരംഭകർ, പ്രയോജകർ എന്നിവർക്ക് സംവദിക്കുന്നതിനും, ആശയവിനിമയത്തിനും അവസരമൊരുക്കുക.<br>5. പട്ടികവർഗ്ഗ സമൂഹത്തിന്റെ ആവാസവ്യവസ്ഥയുടെ സമഗ്ര വികസനം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി സാമൂഹ്യ-വ്യക്തി ശുചിത്വം, ആരോഗ്യം, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, മറ്റ് |

| | | | |
|---|---|---|---|
| | | | അനുബന്ധ പരിശീലനങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം ഊട്ടിയുറപ്പിക്കുന്നതിനുവേണ്ടി പ്രവർത്തനങ്ങൾ നടത്തുക.<br>6. ആദിവാസി ഗോത്രകലകളും, ആചാര രീതികളും ലോകത്തിന് പരിചയപ്പെടുത്തുക അഥവാ അവയെ മുഖ്യധാരാ സമൂഹത്തിന് പരിചിതമാക്കുക. ആദിവാസി ഗോത്രകലകളുടെ പോഷണത്തിനായി പ്രവർത്തനങ്ങൾ നടത്തുക.<br>7. ആദിവാസികൾ നിർമ്മിക്കുന്ന കരകൗശല വസ്തുക്കൾ, അവർ ശേഖരിക്കുന്ന ആയുർവേദ മരുന്നുകൾ, ഔഷധമൂല്യമുള്ള ഭക്ഷ്യോൽപ്പന്നങ്ങൾ മുതലായവ ജില്ലക്കകത്തും പുറത്തുമുള്ള സഞ്ചാരികൾക്കും, പൊതുജനങ്ങൾക്കും നേരിട്ട് വിപണനം നടത്തുന്നതിനുള്ള അവസരമൊരുക്കുകയും അതുവഴി മെച്ചപ്പെട്ട വില ഉറപ്പാക്കുകയും ചെയ്യുക. |

സെക്ഷൻ ഓഫീസർ